കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.146 (a)/2024 തിരുവനന്തപുരം, തീയതി: 02/07/2024


# പത്രക്കുറിപ്പ്

## നാല് വർഷ ഓണേഴ്സ് ബിരുദ പഠനം ബഹുമുഖ പ്രതിഭകളെ സൃഷ്ടിക്കും ഡോ. ഖദീജ മുംതാസ്

വിദ്യാർത്ഥികളുടെ ബഹുമുഖ വികാസത്തിന് നാല് വർഷത്തെ ബിരുദ പഠനം സഹായകരമാകുമെന്ന് പ്രമുഖ നോവലിസ്റ്റ് ഡോ. ഖദീജ മുംതാസ്. കേരള സർവകലാശാല കാര്യവട്ടം കാമ്പസിൽ നാലുവർഷ ബിരുദ വിദ്യാർത്ഥികളുടെ ഇൻഡക്ഷൻ പ്രോഗ്രാമിൽ സംസാരിക്കുകയായിരുന്നു ഖദീജ മുംതാസ്. പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തെരെഞ്ഞെടുക്കാമെന്നത് നൂതനമായ സംവിധാനമാണ്. ഇതിലൂടെ നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗം ലോകോത്തര നിലവാരത്തിലേക്ക് ചുവടുവയ്ക്കുന്നത് അഭിമാനകരമാണ്. അസമത്വങ്ങളെ ഇല്ലാതാക്കുന്ന മൂല്യ സങ്കൽപ്പങ്ങൾ ഉറപ്പായും പുതിയ പാഠ്യപദ്ധതിയുടെ ഭാഗമാകണമെന്നും ഖദീജ മുംതാസ് പറഞ്ഞു. വിദ്യാർത്ഥികളുടെ വിവിധ ചോദ്യങ്ങൾക്കും അവർ ഉത്തരം നൽകി. പ്രതിബദ്ധതയും വിദ്യാർത്ഥി സമൂഹവും എന്ന വിഷയത്തിൽ കേരള പഠനവിഭാഗം അദ്ധ്യാപകനും മുൻ സിൻഡിക്കേറ്റ് അംഗവുമായ ഡോ.എസ്.നസീബ് ക്ലാസ്സെടുത്തു. സാമൂഹിക അസമത്വങ്ങൾ ലഘൂകരിക്കുന്നതിനു പര്യാപ്തമായ വിധം വിദ്യാർത്ഥി സമൂഹം ഉണർന്നു പ്രവർത്തിക്കണം. നാല് വർഷ ബിരുദത്തിന്റെ പാഠ്യപദ്ധതി നവസമൂഹനിർമ്മിതി വിഭാവന ചെയ്യുന്നതാണെന്നും ഡോ.നസീബ് പറഞ്ഞു. അണ്ടർ ഗ്രാജ്വേറ്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ.സാം സോളമൻ, സി.എസ്.എസ്. വൈസ് ചെയർമാൻ പ്രൊഫ.ആർ.ജയചന്ദ്രൻ, ഹിന്ദി വിഭാഗം മേധാവി എസ്.ആർ.ജയശ്രീ, പബ്ലിക്കേഷൻ ഡയറക്ടർ ഡോ.ടി.കെ. സന്തോഷ് കുമാർ എന്നിവർ ചടങ്ങിൽ സംസാരിച്ചു. നാളെ രാവിലെ 10 മണിക്ക് തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം ജോയിന്റ് ഡയറക്ടർ അജയ് ജോയ്, സർവകലാശാല ഐ.ക്യു.എ.സി. ഡയറക്ടർ പ്രൊഫ. ഇ.ഷാജി എന്നിവർ വിദ്യാർത്ഥികളുമായി സംവദിക്കും.

(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

TKSanthoshkumar

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
Whats App No. 8547330240